**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2310** **12-02-2024 - ൽ മറുപടിയ്ക്ക്**

**കാഴ്ച പരിമിതർക്കായി നൽകിവരുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കാഴ്ച പരിമിതർക്കായി എന്തെല്ലാം സേവനങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ; ഈ പ്രവർത്തനങ്ങൾക്ക് പുരസ്കാരമോ പ്രത്യേക പരാമർശമോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (എ) | ഭിന്നശേഷിക്കാർക്കായി നൽകി വരുന്ന വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളായ വിദ്യാകിരണം, വിദ്യാജ്യോതി, വിജയാമൃതം, വിദൂര വിദ്യാഭ്യാസ സ്കോളർഷിപ്പ്, ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, പരിണയം, മാതൃജ്യോതി, കാഴ്ച വൈകല്യമുള്ള അഡ്വക്കേറ്റുമാർക്കുള്ള ധനസഹായം, ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണം, ശ്രേഷ്ഠം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കാഴ്ചപരിമിതർക്കായുള്ള സേവനങ്ങൾ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്.<br><br>പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. വിദ്യാകിരണം - 40%-മോ അതിന് മുകളിലോ ഭിന്നശേഷിക്കാരായ രക്ഷകർത്താക്കളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി. ഒന്നാം ക്ലാസ് മുതൽ Degree, PG, Polytechnic വരെയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.<br><br>2. വിദ്യാജ്യോതി - സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 9-ാം ക്ലാസ്സ് മുതൽ PG തലം വരെയുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം.<br><br>3. വിജയാമൃതം - ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളിൽ ബിരുദം/തത്തുല്യ കോഴ്സുകൾ, ബിരുദാനന്തര ബിരുദം/പി.ജിക്ക് തത്തുല്യമായ പ്രൊഫഷണൽ ബിരുദ വിഭാഗങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് നൽകുന്ന ധനസഹായപദ്ധതി.<br><br>4. വിദൂര വിദ്യാഭ്യാസ ധനസഹായം - വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽ തന്നെ പഠനം നടത്തുന്ന ഭിന്നശേഷിക്കാരായ |

വിദ്യാർത്ഥികൾക്ക് ഓപ്പൺ സ്കൂൾ/കോളേജ്, വിദൂര വിദ്യാഭ്യാസം മുഖേന ഡിഗ്രി തലത്തിലും, പി.ജി തലത്തിലും വിദ്യാഭ്യാസം ചെയ്യുന്നതിന് ഒരു വർഷം വരെ ധനസഹായം നൽകുന്ന പദ്ധതി.

5. ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - 40% യോഗ്യതാ മാർക്കുള്ള ഒന്നാം ക്ലാസ് മുതൽ പ്രൊഫഷണൽ, പി.ജി. കോഴ്സ് വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതി.

6. പരിണയം - സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്കും ,ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കും വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി.

7. മാതൃജ്യോതി പദ്ധതി - ഭിന്നശേഷി അവകാശ നിയമം, 2016 പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ധനസഹായ പദ്ധതി.

8. കാഴ്ച പരിമിതി നേരിടുന്ന അഡ്വക്കേറ്റുമാർക്കുള്ള പദ്ധതി - സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടിസ് ചെയ്യുന്ന കാഴ്ചാപരിമിതിയുള്ള അഡ്വക്കേറ്റുമാർക്ക് എക്സ്ഗ്രേഷ്യാ അലവൻസും വായനാ സഹായി അലവൻസും അനുവദിക്കുന്ന പദ്ധതി.

10. സഹായ ഉപകരണ വിതരണ പദ്ധതി - ഭിന്നശേഷിത്വം മറികടക്കാനും, ജീവിതം ആയാസരഹിതമാക്കാനും ഉതകുന്ന നൂതന സാങ്കേതിക ഉപകരണങ്ങൾ നൽകുന്നതിലൂടെ അവരുടെ പുനരധിവാസം ഉറപ്പ് വരുത്തുന്ന പദ്ധതി.

11. ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണ വിതരണ പദ്ധതി - ഭിന്നശേഷിത്വം മറികടക്കാനും ,ജീവിതം ആയാസരഹിതമാക്കാനും ഉതകുന്ന നൂതന സാങ്കേതിക ഉപകരണങ്ങൾ നൽകുന്നതിലൂടെ അവരുടെ പുനരധിവാസം ഉറപ്പ് വരുത്തുന്ന പദ്ധതി.

കാഴ്ച പരിമിതർക്കായി ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മുഖാന്തിരം ചെയ്തുവരുന്ന പദ്ധതികൾ അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു.

ഈ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ 2019 ലെ മികച്ച സംസ്ഥാനത്തിനുള്ള ഭിന്നശേഷി അവാർഡ് ലഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | കാഴ്ച പരിമിതർക്കായി കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മുഖേന വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോട്ടുകൂടിയ ലാപ് ടോപ്, ബാഗുകൾ, വൈറ്റ്കെയിൻ മുതലായസഹായ ഉപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കൽ സൗജന്യമായി അനുവദിക്കുന്ന പദ്ധതിയുൾപ്പെടെ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു.<br><br>2019- ലെ ഏറ്റവും മികച്ച ഭിന്നശേഷി ശാക്തീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന സംസ്ഥാനത്തിനുള്ള കേന്ദ്ര സർകാരിന്റെ പുരസ്കാരം കേരളത്തിനു ലഭിക്കുകയുണ്ടായി.<br><br>2018 -ലെ NHFDC യുടെ ഏറ്റവും മികച്ച സംസ്ഥാന ചാനലൈസിംഗ് ഏജൻസി അവാർഡ് ഭിന്നശേഷി ക്ഷേമ കോർപറേഷന് ലഭിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

**കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ**

**കാഴ്ച പരിമിതർക്കായി നടപ്പിലാക്കി വരുന്ന പദ്ധതികൾ**

1. **സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം**

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള കാഴ്ച പരിമിതരായ ഭിന്നശേഷിക്കാർക്ക് വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോട്ടു കൂടിയ ലാപ് ടോപ്, ബാഗുകൾ, വൈറ്റ്കെയിൻ മുതലായ സഹായ ഉപകരണങ്ങൾ മൂന്ന് വർ ഷത്തിലൊരിക്കൽ സൗജന്യമായി അനുവദിക്കുന്നു. ഗവൺമെന്റ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിക്കിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

നിബന്ധനകൾ

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം
- 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- മൂന്ന് വർഷത്തിലൊരിക്കലാണ് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നത്

2. **സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)**

വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നു. ലോൺ തുക 20,000/- രൂപവരെ ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും ലോൺ തുക 20,001/- മുതൽ 50,000/- രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001/- മുതൽ 1,00,000/- രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/- രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു. ഇതിനായി പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാ ഫോറത്തോടൊപ്പം 40% ത്തിനു മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ ഫോട്ടോ കോപ്പി,

രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്

**3. <u>സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം</u>**

ഭിന്നശേഷിക്കാരാൽ പ്രവർത്തിപ്പിക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്ക് അനുയോജ്യമായ മൈക്രോ പ്രോജക്ടുകൾ തെരഞ്ഞെടുക്കാനും അതാരംഭിക്കാനുമായി 20,000/- രൂപ ധനസഹായം നൽകിവരുന്നു. സംഘത്തിൽ കുറഞ്ഞത് 5 ഭിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. തദ്ദേശ സ്ഥാപനങ്ങൾ, കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്തതായിരിക്കണം..

**4. <u>ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്കുള്ള സാമ്പത്തിക സഹായം</u>**

ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്ക് ധനസഹായമായി 5,000/- രൂപ അനുവദിക്കുന്നു.

<u>നിബന്ധനകൾ</u>

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ഭിന്നശേഷിത്വം
- ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം
- ലോട്ടറി വകുപ്പിൽ നിന്നുള്ള ലൈസൻസും, പുതിയ ഏജൻസി സർട്ടിഫിക്കറ്റ്
- പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്

**5 . <u>സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം തൊഴിലിന് സാമ്പത്തിക സഹായം.</u>**

സ്വയം തൊഴിൽ വായ്പക്കായി ഈട് നൽകാൻ സ്വന്തമായി വസ്തുവോ, വീടോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് 25,000/- രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു

<u>മാനദണ്ഡങ്ങൾ</u>

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം
- 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ഗുരുതരമായ ഭിന്നശേഷിത്വമുള്ളവർ, വിധവകൾ, ഗുരുതരമായ അസുഖം ബാധിച്ച വൃദ്ധർ, 14 വയസ്സിന് താഴെ മാനസിക വൈകല്യമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾ എന്നിവർക്ക് മുൻഗണന.
- സ്വന്തമായി വസ്തുവോ വീടോ ഇല്ല എന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം

- [illegible] ഇല്ല എന്ന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം

6. <u>എൻ.ഡി.എഫ്.ഡി.സി. വായ്പ</u>

സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ.) യെന്ന നിലയിൽ, 2000 മുതൽ നാഷണൽ ദിവ്യാംഗൻ ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന, ഭവന വായ്പകൾ വിതരണം ചെയ്തു വരുന്നു

<u>തുക</u> <u>പലിശ</u>

50000/- രൂപ വരെ 5%

50,000- 5,00,000/-- രൂപ വരെ 6%

5,00,000- 15,00,000/-- രൂപ വരെ 7%

15,00,000 - 25,00,000/- രൂപ വരെ 8%

(50000 രൂപവരെയുള്ള വായ്പക്ക് കാഴ്ച, കേൾവി, ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് 1% പലിശയിളവ്)

7 . <u>ഭിന്നശേഷിക്കാരായവർക്ക് എസ്.എസ്.എൽ.സി. പ്ലസ് 2 വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്</u>

40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെ ഉള്ളവരുമായ എസ്.എസ്.എൽ.സി. പ്ലസ് ടു പരീക്ഷകളിൽ ബി ഗ്രേഡോ ,അതിന് മുകളിലോ മാർക്ക് വാങ്ങി ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് മാർക്ക് നിബന്ധനയില്ല).

8. <u>ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി</u>

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20000/- രൂപ 18 വയസ്സ് വരെ

സ്ഥിര നിക്ഷേപം നടത്തുന്നു. പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

യോഗ്യത :

1. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർ.

2. പ്രതിവർഷ കുടുംബ വരുമാനം 1,00,000 രൂപ വരെ

3. പ്രായ പരിധി : നവജാതശിശു മുതൽ 12 വയസ് വരെ.

എ) ട്രസ്റ്റി : കോർപ്പറേഷൻ

ബി) ഫണ്ട് റിലീസ് : 18 വയസിന് ശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ.

## 9. പാറശ്ശാലയിലെ (സാഫല്യം) വയോജന പരിചരണ കേന്ദ്രം

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും, പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ (സാഫല്യം) എന്ന പേരിൽ പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും, കോർപ്പറേഷനും സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി നടത്തി വരുന്നു. ഇവിടെ സ്ത്രീകളും, പുരുഷന്മാരുമായി 20 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്

## 10. ഭവന വായ്പ പദ്ധതി

കേരളത്തിലെ ഭവനരഹിതരായ ഭിന്നശേഷിക്കാർക്ക് അർഹതയ്ക്ക് വിധേയമായി വീട് നിർമ്മാണത്തിനും, വീട് വയ്ക്കുന്നതിനും വായ്പ നൽകുന്ന പദ്ധതിയാണ് മെറീഹോം പദ്ധതി. ടി പദ്ധതി പ്രകാരം പരമാവധി 50 ലക്ഷം രൂപ വരെ വായ്പ അനുവദിച്ച് വരുന്നു സർക്കാർ/അർദ്ധ സർക്കാർ/സഹകരണ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ ജീവനക്കാർ, സ്വന്തമായി തൊഴിൽ ചെയ്യുന്ന സ്ഥിര വരുമാനമുള്ളവർ എന്നിവർക്കാണ് എൻ.ഡി.എഫ്.ഡി.സി. ഭവന വായ്പ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. വായ്പയ്ക്ക് അപേക്ഷിക്കുന്നവർ 4 0 ശതമാനമോ, അതിനു മുകളിലോ ഭിന്നശേഷിത്വമുള്ളവരും കേരളത്തിൽ സ്ഥിര താമസമുള്ളവരുമായിരിക്കണം. അപേക്ഷകന് വായ്പാ കാലാവധിയെക്കാൾ 2 വർഷത്തിനു മുകളിൽ സർവ്വീസ് കാലാവധി ഉണ്ടായിരിക്കണം. നെറ്റ് സാലറിയുടെ 25 ഇരട്ടി വരെ പരമാവധി ലോൺ തുക അനുവദിക്കുന്നു കൂടാതെ ശമ്പള സർട്ടിഫിക്കറ്റ്, വീട് നിർമ്മിക്കുന്ന വസ്തുവിന്റെ ആധാരവും, അനുബന്ധ രേഖകളും ജാമ്യമായി നൽകേണ്ടതാണ്. ടി പദ്ധതി അനുസരിച്ച് 5 ലക്ഷം രൂപ വരെ ആറ് ശതമാനവും, 5 ലക്ഷത്തിനു മുകളിൽ 15 ലക്ഷം രൂപ വരെ ഏഴ് ശതമാനവും 15 ലക്ഷത്തിനു മുകളിൽ 30 ലക്ഷം രൂപ വരെ എട്ട് ശതമാനവും 30 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെ ഒൻപത് ശതമാനവുമാണ് പലിശ ഈടാക്കുന്നത്.